പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1478 05.02.2019 ലെ മറുപടിക്ക്

## ഹരിത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ)ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ)ഹരിത കേരളം പദ്ധതിയുടെ ഭാഗമായ സുജലംസുഫലം പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ തരിശ് നില നെൽകൃഷി 160 ഹെക്ടർ സ്ഥലത്ത് ചെയ്യുകയും, പച്ചക്കറി വികസന പദ്ധതിയിൽ സ്കൂൾ കുട്ടികൾക്ക് 182119 പച്ചക്കറി വിത്ത് പാക്കറ്റുകളും, കശുമാവ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 82813 കശുമാവിൻ തൈകളും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി)ഈ പദ്ധതിയുടെ ഭാഗമായി ജില്ലയിൽ ഇനി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉൽപ്പാദനം, ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കൽ, ജൈവ കൃഷി രീതിയ്ക്ക് പ്രാമുഖ്യം നൽകൽ തുടങ്ങിയ പദ്ധതികളാണ് ഹരിത കേരള മിഷന്റെ കൃഷി ഉപമിഷനായ സുജലം സുഫലം വഴി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. വരുന്ന വർഷം ജില്ലയിലെ ഓരോ ബ്ലോക്കിലും ചുരുങ്ങിയത് ഒരു ഗ്രാമ പഞ്ചായത്ത് എങ്കിലും തരിശ് രഹിതമാക്കുക, ഓരോ കൃഷിഭവന്റെയും സേവന പരിധിയിൽ ചുരുങ്ങിയത് ഒരു വാർഡിലെങ്കിലും എല്ലാ വീടുകളിലും ഒരു പച്ചക്കറിയെങ്കിലും കൃഷി ചെയ്യുക എന്നീ ക്യാമ്പയിനുകൾ ജനപങ്കാളിത്തത്തോടെ സംഘടിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതു കൂടാതെ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ലഭ്യമായ സ്വകാര്യ ഭൂമികൾ, പുറമ്പോക്കുകൾ, |

| | |
|---|---|
| | സർക്കാർ ഭൂമി (മറ്റു കൃഷിക്ക് അനുയോജ്യമല്ലാത്ത) എന്നിവിടങ്ങളിൽ ചെറു വനങ്ങൾ വച്ചു പിടിപ്പിക്കുക, സുസ്ഥിര വികസന മാതൃകകളായ ഹരിതഭവനങ്ങൾ ഉണ്ടാക്കുക എന്നിവയും നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. |

ഡെപ്യൂട്ടി സെക്രട്ടറി